Intellect Thought Submission
MSM
mujahid students movement
KERALA

ENLIGHTENING GENERATIONS
CRE
CONTINUING RELIGIOUS EDUCATION
MUJAHID STUDENTS MOVEMENT

# CRE 2025-26

## SESSION 08

## Segment 1

# സൂറത്തുൽ മാഊൻ

https://youtu.be/Xm_1J6rHD2c?si=R8iiz1ujjp_FR-cK

بِسْمِ ٱللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ

**പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.**

أَرَءَيْتَ ٱلَّذِى يُكَذِّبُ بِٱلدِّينِ ﴿١﴾

**107:1 മതത്തെ വ്യാജമാക്കുന്നവനെ നീ കണ്ടുവോ?!-**

أَرَأَيْتَ നീ കണ്ടുവോ الَّذِي يُكَذِّبُ വ്യാജമാക്കുന്നവനെ بِالدِّينِ മതത്തെ പ്രതിഫലനടപടിയെ

فَذَٰلِكَ ٱلَّذِى يَدُعُّ ٱلْيَتِيمَ ﴿٢﴾

**107:2 അനാഥക്കുട്ടിയെ തള്ളിവിടുന്നവനത്രെ അത്.**

فَذَٰلِكَ الَّذِي യാതൊരുവനത്രെ അത് يَدُعُّ തള്ളിവിടുന്നു, പിടിച്ചുതള്ളുന്ന, തുരത്തിവിടുന്ന الْيَتِيمَ അനാഥക്കുട്ടിയെ

وَلَا يَحُضُّ عَلَىٰ طَعَامِ ٱلْمِسْكِينِ ﴿٣﴾

**107:3 പാവപ്പെട്ടവന്റെ ഭക്ഷണത്തെപ്പറ്റി അവൻ പ്രോത്സാഹനം നല്കുകയുമില്ല,**

وَلَا يَحُضُّ അവൻ പ്രോത്സാഹനം നല്കകയുമില്ല عَلَىٰ طَعَامِ ഭക്ഷണത്തിന്റെ മേൽ الْمِسْكِينِ സാധുവിന്റെ, പാവപ്പെട്ടവന്റെ

فَوَيۡلٌ لِّلۡمُصَلِّينَ ﴿٤﴾

**107:4 എന്നാൽ, നമസ്കാരക്കാർക്ക് നാശം !**
فَوَيْلٌ എന്നാൽ നാശം, കഷ്ടം لِّلْمُصَلِّينَ നമസ്ക്കാരക്കാർക്കാണ്, നമസ്ക്കരിക്കുന്നവർക്കത്രെ

ٱلَّذِينَ هُمۡ عَن صَلَاتِهِمۡ سَاهُونَ ﴿٥﴾

**107:5 അതായത്, തങ്ങളുടെ നമസ്ക്കാരത്തെക്കുറിച്ചു അശ്രദ്ധരായുള്ളവർക്ക് ,-**
الَّذِينَ അതായതു യതൊരുവർ هُمْ അവർ عَن صَلَاتِهِمْ തങ്ങളുടെ നമസ്കാരത്തെക്കുറിച്ചു سَاهُونَ അശ്രദ്ധരാണ്, വിസ്മരിച്ചവരാണ്

ٱلَّذِينَ هُمۡ يُرَآءُونَ ﴿٦﴾

**107:6 (അതെ) യാതൊരു കൂട്ടർ; അവർ (മറ്റുള്ളവരെ) കാണിക്കുവാനായി പ്രവർത്തിക്കുന്നു;**
الَّذِينَ അതായത് യാതൊരുവർ هُمْ يُرَاءُونَ അവർ കാണിക്കുവാനായി പ്രവർത്തിക്കുന്നു

وَيَمۡنَعُونَ ٱلۡمَاعُونَ ﴿٧﴾

**107:7 പരോപകാരവസ്തു(ക്കളെ) അവർ മുടക്കം ചെയ്കയും ചെയ്യും. [ഇങ്ങനെയുള്ളവർക്കാണ് നാശം]**
وَيَمْنَعُونَ അവർ മുടക്കുകയും ചെയ്യും الْمَاعُونَ പരോപകാരവസ്തുവെ (ചെറുകിട ആവശ്യവസ്തുക്കളെ)

# തജ്‌വീദ്

ഖുർആൻ ഓതുമ്പോൾ നമ്മുടെ ശ്രദ്ധക്കുറവ് മൂലം വരാവുന്ന ഒരു അബദ്ധം ശ്രദ്ധയിൽ പെടുത്തുകയാണ്.

ഈ ആയത്തുകൾ ഓതി നോക്കാം..

أَرَءَيْتَ ٱلَّذِي يُكَذِّبُ بِٱلدِّينِ ○ فَذَٰلِكَ ٱلَّذِي يَدُعُّ ٱلْيَتِيمَ ○

നിറം കൊടുത്ത പദം പ്രത്യേകം ശ്രദ്ധിക്കുക. يَدُعُّ എന്നല്ലേ? എന്നാൽ ഈ പദം പലരും يَدْعُ ٱلْيَتِيمَ എന്ന് ഓതാറുണ്ട്. കാരണം يَدْعُو എന്നത് ചിരപരിചിത പദമാണ്. ആയതിനാൽ يَدُعُّ എന്നത് തെറ്റിദ്ധരിച്ച് يَدْعُ എന്ന് ഓതാൻ സാധ്യതയുണ്ട്.

ഇതൊരു ചെറിയ ശബ്ദ വ്യത്യാസമല്ലേയുള്ളൂ എന്ന് ചെറുതായി കണ്ടുകൂടാ. വലിയ ആശയവ്യത്യാസം ഈ വായനത്തെറ്റുമൂലം വരുന്നു. يَدْعُو എന്നാൽ വിളിക്കുന്നു / പ്രാർത്ഥിക്കുന്നു എന്നാണർത്ഥം. يَدُعُّ ആവട്ടെ തള്ളിക്കളയുന്നു എന്നാണ്.

ആയത്തിലെ ആശയം അനാഥയെ തള്ളിക്കളയുന്നവർ മതനിഷേധിയാണ് എന്നാണ്. എന്നാൽ يَدْعُ എന്ന് ഓതിയാൽ അനാഥയെ ക്ഷണിക്കുന്നവൻ മതനിഷേധിയാണ് എന്നായിതീരും! എത്ര വലിയ അബദ്ധം, അല്ലേ?

മറ്റൊരു ഉദാഹരണം കൂടി നോക്കാം.

وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ ○

സൂറത്തുൽ ഇഖ്‌ലാസിലെ ഈ ആയത്ത് പാരായണം ചെയ്തു നോക്കാം. നിറം കൊടുത്ത പദം ശ്രദ്ധിച്ചു നോക്കൂ. كُفُوًا എന്നത് പലരും كُفْوًا എന്ന് പാരായണം ചെയ്യാറുണ്ട്. ഇത്തരം തെറ്റുകൾ വരാതെ സൂക്ഷിക്കണം.

ഇസ്‌ലാം കാര്യങ്ങൾ

# 2. നമസ്കാരം

.

**നമ്മുടെ സ്നേഹഭാജനം മുഹമ്മദ് നബി (സ്വ) യുടെ അന്ത്യ നിമിഷങ്ങൾ നിങ്ങൾ കേട്ടിട്ടുണ്ടോ?**

**അവിടുന്ന് ഈ ലോകത്തോട് വിട പറയുന്നതിന് നിമിഷങ്ങൾക്ക് മുമ്പ് പോലും സ്വഹാബികളെ ഓർമ്മിപ്പിച്ചത് നമസ്കാരത്തെക്കുറിച്ചായിരുന്നു.**

**മരിക്കാൻ മൂന്ന് ദിവസം മാത്രം ബാക്കിയിരിക്കെ ഇശാഇന്ന് വുദൂഅ് എടുത്ത് പള്ളിയിലേക്ക് പോകാൻ പുറപ്പെട്ടപ്പോൾ നബി (സ്വ) ക്ക് ബോധക്ഷയം സംഭവിച്ചു. ബോധം തെളിഞ്ഞപ്പോൾ ആദ്യമായി ചോദിച്ചത് 'ആഇശാ, ജനങ്ങൾ നമസ്കരിച്ചോ?' എന്നായിരുന്നു.**

**ഇസ്‌ലാമിന്റെ 5 തൂണുകളിൽ രണ്ടാമത്തേതാണ് നമസ്കാരം (صلاة).**

**'സ്വലാത്ത്' എന്ന പദത്തിന് ഭാഷയിൽ 'പ്രാർഥന' എന്നാണ് അർഥം. മതത്തിന്റെ സാങ്കേതിക ഭാഷയിൽ, "തക്ബീറതുൽ ഇഹ്റാംകൊണ്ടു തുടങ്ങി സലാം കൊണ്ട് അവസാനിക്കുന്ന പ്രത്യേകമായ ചില വാക്കുകളും കർമങ്ങളുമുള്ള ആരാധനയാണ് സ്വലാത്ത് (നമസ്കാരം)."**

**വിശ്വാസിയുടെ ജീവിതത്തിൽ ഒരിക്കലും ഒഴിവാക്കാൻ പറ്റാത്ത കർമമാണ് നമസ്കാരം.**

**പ്രായപൂർത്തിയെത്തിയ, ബുദ്ധിയുള്ള മുസ്‌ലിമിന് 5 നേരത്തെ നമസ്കാരം നിർബന്ധമാണ്.**

**നബി (സ്വ) പറഞ്ഞു:**

إِنَّ الْعَهْدَ الَّذِي بَيْنَنَا وَبَيْنَهُمُ الصَّلاَةُ. فَمَنْ تَرَكَهَا فَقَدْ كَفَرَ

വിശ്വാസിയെയും അവിശ്വാസിയെയും തമ്മിൽ വേർതിരിക്കുന്നത് നമസ്കാരമാണ്. ആരെങ്കിലും (മനഃപൂർവ്വം) അതുപേക്ഷിച്ചാൽ അവൻ കാഫിറായി.

**ചിന്താവിഷയം : • നിർബന്ധ നമസ്കാരങ്ങൾ നമ്മൾ പതിവായി നിർവഹിക്കാറുണ്ടോ?**

*(കഴിഞ്ഞ ഒരു മാസത്തെക്കുറിച്ച് മനസ്സിൽ ചിന്തിക്കാൻ സമയം കൊടുക്കുക. ഉത്തരം പറയേണ്ടതില്ല.)*

**• വീട്ടിൽ കല്ല്യാണം പോലെയുള്ള ആഘോഷങ്ങൾ നടക്കുമ്പോൾ നമസ്കാരം നഷ്ടപ്പെടുത്താറുണ്ടോ?**

*(അവസാനം പങ്കെടുത്ത ഒരു ആഘോഷ ദിവസത്തെക്കുറിച്ച് മനസ്സിൽ ആലോചിക്കാൻ സമയം നൽകുക.)*

**ഇസ്‌ലാമിലെ ആരാധനകളെല്ലാം സമയ ബന്ധിതമാണ്; നമസ്കാരവുമതെ. അല്ലാഹു പറഞ്ഞു:**

إِنَّ ٱلصَّلَوٰةَ كَانَتْ عَلَى ٱلْمُؤْمِنِينَ كِتَـٰبًا مَّوْقُوتًا

**തീർച്ചയായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയം നിർണയിക്കപ്പെട്ട ഒരു നിർബന്ധബാധ്യതയാകുന്നു.** (ഖുർആൻ 4:103)

**ഓരോ നമസ്കാരവും അതതിന്റെ സമയത്ത് തന്നെ നിർവഹിക്കണം.**

**ഏത് പ്രവൃത്തിയാണ് ഏറ്റവും ശ്രേഷ്ടകരമെന്ന് നബി (സ്വ) ചോദിക്കപ്പെട്ടു. അവിടുന്നു പറഞ്ഞു: നമസ്കാരം അതിന്റെ ആദ്യ സമയത്ത് നിർവ്വഹിക്കൽ........**
(അബൂദാവൂദ്: 426)

| നമസ്കാരത്തിന്റെ സമയം | | |
|---|---|---|
| **നമസ്കാരം** | **തുടക്കം** | **ഒടുക്കം** |
| സുബ്ഹ് (ഫജ്ർ) | ഫജ്റിന്റെ ഉദയം മുതൽ | സൂര്യൻ ഉദിക്കുന്നതു വരെ |

| | | |
|---|---|---|
| ദുഹ്ർ | സൂര്യൻ മധ്യത്തിൽനിന്ന് തെറ്റിയത് മുതൽ | ഒരു വസ്തുവിന്റെ നിഴൽ അതിന്റെ അതേ വലിപ്പത്തിൽ വരുന്നതുവരെ. |
| അസ്ർ | ദുഹ്റിന്റെ സമയം അവസാനിച്ചത് മുതൽ. (ഒരു വസ്തുവിന്റെ നിഴൽ അതിന്റെ നീളത്തിൽ നിന്നും വിട്ടത് മുതൽ) | സൂര്യൻ മഞ്ഞനിറം ആകുന്നതുവരെ അല്ലെങ്കിൽ ഒരു വസ്തുവിന്റെ നിഴൽ അതിന്റെ ഇരട്ടിയാകുന്നത് വരെ.* |
| മഗ്‌രിബ് | സൂര്യൻ അസ്തമിച്ചത് മുതൽ | അസ്തമയ ശോഭ മറയുന്നതുവരെ. |
| ഇശാഅ് | അസ്തമയ ശോഭ മാഞ്ഞത് മുതൽ | രാത്രിയുടെ മധ്യഭാഗം വരെ.** |

* അസ്ർ നമസ്കാരം നിർബന്ധ സാഹചര്യത്തിൽ സൂര്യൻ അസ്തമിക്കുന്നത് വരേയും നമസ്കരിക്കാം.

** നിർബന്ധ സാഹചര്യത്തിലാണെങ്കിൽ ഇഷാഅ്, ഫജ്ർ വെളിവാകുന്നതു വരെയും ആകാം.

**ചിന്താ വിഷയം : നമസ്കാരങ്ങൾ നിശ്ചിത സമയത്ത് തന്നെ നിർവഹിക്കാൻ നമുക്ക് സാധിക്കാറുണ്ടോ?**

***(കഴിഞ്ഞ ഒരാഴ്ചത്തെ നമസ്കാരങ്ങളെക്കുറിച്ച് മനസ്സിൽ ആലോചിക്കാൻ അല്പം സമയം കൊടുക്കുക.)***

**<u>ജമാഅത്ത് നമസ്കാരം</u>**

**വിശുദ്ധ ഖുർആനിൽ നമസ്കാരം ജമാഅത്തായി നമസ്കരിക്കണമെന്നുള്ള സൂചന കാണാൻ കഴിയും.**

وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَٱرْكَعُوا۟ مَعَ ٱلرَّٰكِعِينَ

**പ്രാർത്ഥന മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, (അല്ലാഹുവിന്റെ മുമ്പിൽ) തലകുനിക്കുന്നവരോടൊപ്പം നിങ്ങൾ തലകുനിക്കുകയും ചെയ്യുവിൻ. (ഖുർആൻ 2:43)**

ശത്രുക്കളോട് യുദ്ധം ചെയ്യുമ്പോൾ പോലും ജമാഅത്തായി നമസ്കരിക്കണമെന്നാണ് അല്ലാഹുവിന്റെ കൽപന.

അതിന്റെ രൂപമടക്കം ഖുർആൻ വിവരിക്കുന്നുണ്ട്. (ഖുർആൻ 4:102)

നമസ്കാരം പള്ളിയിൽ പോയി ജമാഅത്തായി നമസ്കരിക്കാതെ വീട്ടിൽ നമസ്കരിക്കുന്നവർക്ക് പല ന്യായങ്ങളും പറയാനുണ്ടാകും. അത്തരക്കാർക്ക് അബ്ദുല്ലാഹിബ്നു ഉമ്മി മക്തൂമിന്റെ(റ) വിഷയത്തിലെ ഹദീസ് ഗുണപാഠമാണ്.

ഇബ്നു ഉമ്മുമക്തൂം(റ) അന്ധനായ സ്വഹാബിയാണ്. അദ്ദേഹം നബി (സ്വ) യോട് ചോദിച്ചു:

അല്ലാഹുവിന്റെ റസൂലേ, എന്നെ പള്ളിയിലേക്ക് കൊണ്ടുപോകാൻ ഒരു വഴി കാട്ടിയില്ല, മദീനയിൽ ധാരാളം ഇഴജന്തുക്കളും വന്യമൃഗങ്ങളുമുണ്ട്. അതിനാൽ അങ്ങ് എനിക്ക് വീട്ടിൽവെച്ച് നമസ്കാരം നിർവ്വഹിക്കാൻ ഇളവ് അനുവദിക്കുമോ..? അപ്പോൾ അവിടുന്ന് (ﷺ) അദ്ദേഹത്തിന് ഇളവ് അനുവദിക്കുകയുണ്ടായി. എന്നാൽ അദ്ദേഹം തിരിഞ്ഞുപോകാൻ ആരംഭിച്ചപ്പോൾ അയാളെ വിളിച്ചു കൊണ്ട് ചോദിച്ചു. നീ ബാങ്ക് കേൾക്കാറുണ്ടോ..? “അതെ” എന്ന് മറുപടി. അപ്പോൾ അവിടുന്ന് (ﷺ) പറഞ്ഞു. “എങ്കിൽ നീ അതിന് ഉത്തരം ചെയ്യണം."

1. അന്ധനാണ്, 2.വഴി കാട്ടിയില്ല, 3.വീട് വളരെ ദൂരെയാണ്, 4.മദീനയിൽ ധാരാളം ഇഴജന്തുക്കളും വന്യമൃഗങ്ങളുമാണ്, 5.അവ ആക്രമിക്കുമെന്ന് അദ്ദേഹം ഭയപ്പെടുകയും ചെയ്യുന്നു.

ഇങ്ങനെ ഏകദേശം അഞ്ച് തടസ്സങ്ങൾ ഉണ്ടായിട്ട് പോലും നബി(സ്വ) അദ്ദേഹത്തോട് കൽപിക്കുന്നത് നീ ബാങ്ക് കേൾക്കുന്നുവെങ്കിൽ അതിന് ഉത്തരം നൽകി പള്ളിയിലേക്ക് വരണമെന്നാണ്.

| |
|---|
| ചിന്താവിഷയം : നമ്മൾ ജമാഅത്ത് നമസ്കാരങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ കാരണമാകാറുള്ള ന്യായങ്ങളെന്തൊക്കെയാണ്? ഒന്നാലോചിച്ചു നോക്കൂ. |

ജമാഅത്തിന് വരാത്ത ആ ആളുകളെ അവരോടുകൂടി അവരുടെ വീടുകൾ കത്തിച്ചുകളഞ്ഞാലോ എന്ന് ഞാൻ ആലോചിച്ചു എന്നൊരിക്കൽ നബി (സ്വ) പറയുകയുണ്ടായി. നോക്കൂ, എത്ര ഗൗരവം!

(അവിടുന്ന് അങ്ങനെ ചെയ്തിട്ടില്ല).

**ഇഷാ, സുബ്ഹ് ജമാഅത്തുകൾക്ക് വമ്പിച്ച പ്രതിഫലമുണ്ട് എന്നും പഠിപ്പിച്ചിട്ടുണ്ട്.**

**പെൺകുട്ടികളും വീട്ടിൽ വെച്ചോ പള്ളിയിൽ വെച്ചോ നമസ്കാരം ജമാഅത്തായി തന്നെ നിർവഹിക്കാൻ ശ്രമിക്കണം.**

**ജമാഅത്ത് നമസ്കാരത്തിന്റെ പ്രതിഫലം നോക്കാം.**

عَنْ عَبْدِ اللَّهِ بْنِ عُمَرَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : صَلاَةُ الْجَمَاعَةِ تَفْضُلُ صَلاَةَ الْفَذِّ بِسَبْعٍ وَعِشْرِينَ دَرَجَةً

**അബ്ദുല്ലാഹിബ്നു ഉമറിൽ(റ) നിന്ന് നിവേദനം : അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: തനിച്ച് നമസ്കരിക്കുന്നതിനേക്കാൾ ജമാഅത്ത് നമസ്കാരത്തിന് ഇരുപത്തി ഏഴ് ഇരട്ടി പ്രതിഫലമുണ്ട്.** (ബുഖാരി: 645)

**നമസ്കാരം കേവലമൊരു ചടങ്ങല്ല എന്ന് നമ്മളോർക്കണം. നമ്മളെ പടച്ച, നമ്മുടെ ഉമ്മയെയും ഉപ്പയെയും നമുക്ക് നൽകിയ നമ്മുടെ റബ്ബിനോടുള്ള രഹസ്യ സംഭാഷണമാണത്. അത്കൊണ്ട് ഏറെ ഭയഭക്തിയോടെ നിർവഹിക്കണം. നമസ്കാരത്തിലെ പ്രാർത്ഥനകളും ദിക്റുകളും അർഥം അറിഞ്ഞു കൊണ്ട് ചൊല്ലാൻ ശ്രമിക്കണം. നമസ്കാരത്തിലോതുന്ന ഖുർആൻ വചനങ്ങളുടെ ആശയം കൂടെ അറിയാൻ ശ്രമിച്ചാൽ ആ നമസ്കാരം എത്ര ഹൃദ്യമായിരിക്കും!**

**നമ്മുടെ പാപങ്ങൾ പൊറുക്കപ്പെടാൻ കാരണമാകുന്നതാണ് ഓരോ നമസ്കാരവും.**

**ഇബ്റാഹീം (അ) ന്റെ പ്രാർത്ഥനയോർക്കുക :**

رَبِّ ٱجْعَلْنِى مُقِيمَ ٱلصَّلَوٰةِ وَمِن ذُرِّيَّتِى ۚ رَبَّنَا وَتَقَبَّلْ دُعَآءِ

**"എൻറെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്രകാരം നിർവഹിക്കുന്നവനാക്കേണമേ. എൻറെ സന്തതികളിൽ പെട്ടവരെയും (അപ്രകാരം ആക്കേണമേ) ഞങ്ങളുടെ രക്ഷിതാവേ, എൻറെ പ്രാർത്ഥന നീ സ്വീകരിക്കുകയും ചെയ്യേണമേ."** **[ഖുർആൻ 14: 40]**

**അല്ലാഹു നമ്മെ നമസ്കരിക്കുന്നവരുടെ കൂട്ടത്തിൽ ഉൾപെടുത്തട്ടെ,**

**നമ്മുടെ നമസ്കാരങ്ങൾ അവൻ സ്വീകരിക്കുമാറാകട്ടെ,**

**നമ്മുടെ തെറ്റുകൾ അവൻ പൊറുത്തു തരട്ടെ 🤲 ആമീൻ.**

---

**Segment 4** “Get it Cleared”

**താഴെ നൽകുന്ന ഇൻസ്റ്റാഗ്രാം ലിങ്കിലെ (Deen Desk) ചോദ്യവും ഉത്തരവുമാണ് ഈ ആഴ്ച ചർച്ച ചെയ്യുന്നത്.**

**മഹർ ആർക്ക് അവകാശപ്പെട്ടതാണ്?! ഭർത്താവിനോ പിതാവിനോ മഹറിൽ അവകാശമുണ്ടോ?**

https://www.instagram.com/p/DFNjA_Wz8-T/?igsh=MTNocmxnMjNnM2g4Mg==

## Segment 5

വെളിച്ചം

QURANIC CHAPTERS

**36. സൂറഃ യാസീൻ**
**37. സൂറഃ അസ്സ്വാഫ്ഫാത്ത് - അണിനിരന്നവ**
**38. സൂറഃ സ്വാദ്**
**39. സൂറഃ അസ്സുമർ - കൂട്ടങ്ങൾ**
**40. സൂറഃ അൽ ഗ്വാഫിർ - പൊറുക്കുന്നവൻ**
**(മുഅ്മിൻ - വിശ്വാസി)**

## WEEKLY TASK

🫙 **Tell a story to your family**

**വീട്ടിലെ മുഴുവൻ അംഗങ്ങളെയും ഒരുമിച്ച് ഇരിക്കാൻ ആവശ്യപ്പെടുക. എന്നിട്ട് അവരോട് നല്ല ഗുണപാഠമുള്ള ഒരു കഥ പറയുക.**

**വീട്ടുകാരോടും നല്ല കഥകളോ സന്ദേശങ്ങളോ പങ്കുവെക്കാൻ പറയുക.**

**ഇമ്പമുള്ള കുടുംബമാകാൻ  ഇതും നല്ലൊരു ചുവടാകട്ടെ.**

CRE WING | MSM Kerala